പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 38

28.10.2019 ൽ
മറുപടിക്ക്

## കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസ് നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് നിയമനത്തിനായുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇത് സംബന്ധിച്ച് സർവീസ് റൂൾസ് രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | എ) | കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസ് വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് 29.12.2017 ൽ എസ്.ആർ.ഒ.നം. 861/17 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ നിയമസഭ നിർദ്ദേശിച്ച ഭേദഗതികളടക്കം ഉൾക്കൊള്ളിച്ചു കൊണ്ട് 11.7.2019 ൽ എസ്.ആർ.ഒ. നം.464/19 പ്രകാരം ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. വിജ്ഞാപനമിറക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസമുണ്ടോ; എന്നത്തേക്കാണ് വിജ്ഞാപനം ഇറക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;<br><br>സി) 2019 ഡിസംബറിനുള്ളിൽ വിജ്ഞാപനമിറങ്ങിയില്ലെങ്കിൽ ഇതിനായി തയ്യാറെടുത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ പ്രായപരിധി കഴിഞ്ഞുപോകുന്നത് കണക്കിലെടുത്ത് നടപടികൾ ത്വരിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ? | (ബി) & (സി) | പരീക്ഷാ വിജ്ഞാപനം സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ